*Celebrating Extraordinary Missionary Month October 2019…*

**Saturday, 26 October 2019**

Jn 9:17-23

Fr. Benny Tharakunnel CMI

ജന്മനാ അന്ധനായ മനുഷ്യന് വളരെ ലളിതമായ രീതിയിൽ കാഴ്ച നൽകുന്ന ഈശോ മനസ്സിന്റെ അന്ധതയിൽ നിന്നും ഹൃദയ കാഠിന്യത്തിൽ നിന്നും മോചനം പ്രാപിച്ചു വിശ്വാസജീവിതത്തിൽ ആഴപ്പെടുവാൻ നമ്മെ ഓരോരുത്തരെയും ആഹ്വാനം ചെയ്യുന്നു. അന്ധത രണ്ടു തരമുണ്ട്. ശാരീരിക അന്ധതയും ആത്മീയ അന്ധതയും. പലപ്പോഴും ശാരീരിക അന്ധതയെക്കാൾ അപകടകരമാണ് ആത്മീയ അന്ധത. കാണേണ്ടത് കാണാതിരിക്കുന്നതും സത്യത്തെ അസത്യമായും അസത്യത്തെ സത്യമായും കാണുന്നതും അന്ധതയാണ്. എന്റെ സഹോദരന്റെ തെറ്റുകൾ മാത്രം കാണുകയും അവന്റെ നന്മകൾ കാണാതിരിക്കുകയും ചെയ്യുന്നതും എന്റെ കുറ്റങ്ങളും കുറവുകളും മനസ്സിലാക്കുവാനോ തിരുത്തലകൾക്ക് സ്വയം വിട്ടുകൊടുക്കാൻ തയ്യാറാകാത്തതും അന്ധത തന്നെയാണ്. അന്ധതയിൽ നിന്നും മോചനം ആഗ്രഹിച്ച ജന്മനാ അന്ധനായ മനുഷ്യന് കാഴ്ച കൊടുത്ത ഈശോ സ്വന്തം ആന്മീയ അന്ധത തിരിച്ചറിയാത്ത ഫരിസേയരുടെയും മറ്റു പ്രമാണിമാരുടെയും ജീവിതത്തിൽ സ്വാധീനം ചെലുത്താതെ പോയത് അക്കൂട്ടരുടെ ഹൃദയകാഠിന്യം കൊണ്ടും വിശ്വാസരാഹിത്യം കൊണ്ടുമാണ്.

നമ്മുടെ ജീവിതത്തിൽ ഈശോ പ്രവർത്തിക്കുക നാം അവിടുന്നിൽ വിശ്വാസം അർപ്പിക്കുകയും അവിടുത്തെ ഹിതമനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ്.

അസാധാരണ മിഷൻ മാസം ആഘോഷിക്കുന്ന ഈ അവസരത്തിൽ നമുക്കു പ്രാർത്ഥിക്കാം. ഈശോയെ ഞങ്ങളെ വഴി നടത്തുന്ന അങ്ങയുടെ പരിപാലന മനസ്സിലാക്കുവാനും അങ്ങയുടെ ഹിതത്തിനനുസരിച്ചു ജീവിക്കാനുമുള്ള ആന്തരിക കാഴ്ച ശക്തി ഞങ്ങൾക്ക് നല്കണമേ

*Published by*

CMI General Department of Evangelization and Pastoral Ministry